**COCHIN DEVASWOM BOARD**
**Round North, Thrissur – 680 001**
PH: 2331124, 2327028 FAX : 2335874, 2327029
E-mail. admin @cochindevaswomboard.org


No.M.13287/2013 Dated: 18/08/2025

## അറിയിപ്പ്

കൊച്ചിൻ ദേവസ്വം ബോർഡ് മുളങ്കുന്നത്തുകാവ് ദേവസ്വം കൗണ്ടർ അസിസ്റ്റന്റും വർക്കിങ്ങ് അറേഞ്ച്മെന്റിൽ തൃശ്ശൂർ ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷണർ ഓഫീസിൽ ജോലി ചെയ്തിരുന്ന ശ്രീ. പി.കെ.ജിനേഷ് 01/10/2018 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയും ടി സംഗതിയിൽ നൽകിയ കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ മറുപടി നൽകാതെയിരിക്കുകയും ചെയ്ത സാഹചര്യത്തിൽ, ടിയാന് ടി വിഷയത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന് ബോധ്യമായ സാഹചര്യത്തിൽ ശ്രീ. പി.കെ.ജിനേഷിനെ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് സ്വീകരിച്ച താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി എം.13287/2013 തിയ്യതി 15/04/2025 ലെ ഉത്തരവ് പ്രകാരം കൊച്ചിൻ ദേവസ്വം ബോർഡിലെ സേവനത്തിൽ നിന്നും പിരിച്ചു വിട്ടിട്ടുള്ളതായി അറിയിക്കുന്നു. പ്രസ്തുത ഉത്തരവ് ഇതോടൊപ്പം ചേർക്കുന്നു.

ഉദയകുമാർ എസ്.ആർ.
ദേവസ്വം കമ്മീഷണർ
കൊച്ചിൻ ദേവസ്വം ബോർഡ്
തൃശ്ശൂർ

# PROCEEDINGS OF THE DEVASWOM COMMISSIONER

<u>സംഗ്രഹം</u>

കൊച്ചിൻ ദേവസ്വം ബോർഡ് - ജീവനക്കാര്യം - തൃശ്ശൂർ ഗ്രൂപ്പ് മുളങ്കുന്നത്തുകാവ് ദേവസ്വം കൗണ്ടർ അസിസ്റ്റന്റ് ശ്രീ. പി.കെ.ജിനേഷിനെ സേവനത്തിൽ നിന്നും പിരിച്ചുവിട്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :
1. 28/09/2013, 27/09/2014 തിയ്യതികളിലെ എം.13287/2013 നമ്പർ ഉത്തരവുകൾ
2. 06/10/2018 തിയ്യതിയിലെ ഇതേ നമ്പർ ഉത്തരവ്
3. 28/12/2022, 18/05/2023 തിയ്യതികളിലെ ഇതേ നമ്പർ OM
4. തൃശ്ശൂർ ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷണറുടെ 01/09/2023 ലെ എ3.6385/2013 നമ്പർ റിപ്പോർട്ട്.
5. 03/10/2023 തിയ്യതിയിൽ നൽകിയ കുറ്റപത്രം
6. 02/02/2024 തിയ്യതിയിൽ നൽകിയ കുറ്റപത്രം
7. 24/04/2024 തിയ്യതിയിൽ നൽകിയ കാരണം കാണിക്കൽ നോട്ടീസ്
8. 06/07/2024 തിയ്യതിയിലെ ഇതേ നമ്പർ ഉത്തരവ്
9. 17/01/2025 തിയ്യതിയിലെ ഇതേ നമ്പർ ഉത്തരവ്

## <u>ഉത്തരവ് നമ്പർ എം.13287/2013 തിയ്യതി- 15/04/2025</u>

കൊച്ചിൻ ദേവസ്വം ബോർഡ് മുളങ്കുന്നത്തുകാവ് ദേവസ്വം കൗണ്ടർ അസിസ്റ്റന്റും വർക്കിങ്ങ് അറേഞ്ച്മെന്റിൽ തൃശ്ശൂർ ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷണർ ഓഫീസിൽ ജോലി ചെയ്തിരുന്ന ശ്രീ. പി.കെ.ജിനേഷിന് റഷ്യയിൽ നടക്കുന്ന പ്രൊട്ടക്ഷൻ ട്രെയിനിങ്ങ് കോഴ്സിൽ പങ്കെടുക്കുന്നതിനായി 01/10/2013 മുതൽ 5 വർഷത്തേക്ക് ശമ്പളമില്ലാത്ത അവധി അനുവദിച്ച് പരാമർശം (1) പ്രകാരവും, ടി കോഴ്സിന്റെ തുടർച്ചയായി വിവിധ രാജ്യങ്ങളിലായി നടക്കുന്ന കോഴ്സിൽ കൂടി പങ്കെടുക്കേണ്ടതിലേക്കായി 01/10/2018 മുതൽ 5 വർഷത്തേക്ക് കൂടി അവധി അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചതിൽ ഒരു മാസത്തിനകം കോഴ്സ് ഡീറ്റെയിൽസ് ഓഫീസിൽ ഹാജരാക്കേണ്ടതാണെന്ന നിബന്ധനയോടെ ടിയാന് ശമ്പളമില്ലാത്ത അവധി അനുവദിച്ച് പരാമർശം (2) പ്രകാരവും ഉത്തരവായിട്ടുള്ളതാണ്.

ശ്രീ. പി.കെ.ജിനേഷ് പങ്കെടുക്കുന്ന ട്രെയിനിംഗ് കോഴ്സിന്റെ വിശദവിവരങ്ങൾ ടിയാനിൽ നിന്നും വാങ്ങി സമർപ്പിക്കുന്നതിന് തൃശ്ശൂർ ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷണറോട് നിർദേശിച്ചതിൻ പ്രകാരം ടിയാന് മെമ്മോ Regd with AD ആയി അയച്ചുവെന്നും ടി മെമ്മോ കൈപ്പറ്റാതെ തിരിച്ച് വന്നിട്ടുള്ളതാണെന്നും ടിയാനെ കുറിച്ച് വിവരങ്ങളൊന്നുമില്ലാത്തതാണെന്നും പരാമർശം (4) പ്രകാരം അസിസ്റ്റന്റ് കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. 01/10/2013 മുതൽ തുടർച്ചയായി 10 വർഷം പ്രൊട്ടക്ഷൻ ട്രെയിനിങ്ങ് കോഴ്സിന് പങ്കെടുക്കുന്നതിനായി ശമ്പളമില്ലാത്ത അവധി അനുവദിച്ച് ഉത്തരവായതിൽ കോഴ്സ് സംബന്ധിച്ച് വിവരങ്ങൾ സമർപ്പിക്കുന്നതിന് നിർദേശിച്ചിട്ടും ആയത് പാലിക്കാത്തതിനാൽ 03/10/2023 തിയ്യതിയിലും, 01/10/2018 മുതൽ അനുവദിച്ച 5 വർഷത്തെ അവധി അവസാനിച്ചിട്ടും 01/10/2023 മുതൽ അവധി അപേക്ഷ സമർപ്പിക്കാതെ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിനാൽ യഥാക്രമം 02/02/2024 തിയ്യതിയിലും പരാമർശം (5), (6) പ്രകാരം കുറ്റപത്രം നൽകിയിരുന്നതും, ടി കുറ്റപത്രത്തിന് മറുപടി നേരിട്ടോ തപാൽ മുഖേനയോ ലഭ്യമാക്കിയിട്ടില്ലാത്തതുമാണ്. വിശദീകരണമൊന്നും ലഭ്യമാകാത്ത സാഹചര്യത്തിൽ ടി വിഷയത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ കൊച്ചിൻ ദേവസ്വം ബോർഡ് സേവനത്തിൽ നിന്നും ടിയാനെ നീക്കം ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്തിട്ടുള്ളതാണ് എന്ന് അറിയിച്ച് പരാമർശം (7) പ്രകാരം കാരണം കാണിക്കൽ നോട്ടീസും നൽകിയിരുന്നതാണ്. ടി കാരണം കാണിക്കൽ നോട്ടീസിന്, ടിയാൻ വിദേശത്ത് ആയതിനാൽ നേരിട്ട് ഹാജരാകുന്നതിനും പിരിച്ചു വിടാതിരിക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കുന്നതിൽ 6 മാസത്തെ സമയം അനുവദിക്കുന്നതിനും ടിയാന്റെ ഭാര്യ ശ്രീമതി. ചാരു ജിനേഷ് അപേക്ഷ സമർപ്പിച്ചതിൽ, ടിയാന് അവധി തുടർന്ന് അനുവദിക്കാൻ സാധ്യമല്ലായെന്നും ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനുള്ളിൽ ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന് നിർദേശം നൽകിയും പരാമർശം (8) പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്. എന്നാൽ അനധികൃത അവധിയിൽ തുടരുന്ന ശ്രീ. പി.കെ.ജിനേഷ് നാളിതുവരെ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തതാണ്.

**മേൽ സാഹചര്യത്തിൽ 01/10/2018 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയും ടി സംഗതിയിൽ നൽകിയ കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ മറുപടി നൽകാതിരുന്ന സാഹചര്യത്തിൽ ടിയാന് ടി വിഷയത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന് ബോധ്യമായിരിക്കുകയും ചെയ്യുന്നു. മേൽ സാഹചര്യത്തിൽ ടിയാനെ കൊച്ചിൻ ദേവസ്വം ബോർഡ് സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് സ്വീകരിച്ച താൽക്കാലിക തീരുമാനം**

സ്ഥിരപ്പെടുത്തി, പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊച്ചിൻ ദേവസ്വം ബോർഡ് തൃശ്ശൂർ ഗ്രൂപ്പ് മുളങ്കുന്നത്തുകാവ് ദേവസ്വം കൗണ്ടർ അസിസ്റ്റന്റ് ശ്രീ. പി.കെ.ജിനേഷിനെ സേവനത്തിൽ നിന്നും പിരിച്ചുവിട്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഉത്തരവിൻ പ്രകാരം)

ഉദയകുമാർ എസ്.ആർ.
ദേവസ്വം കമ്മീഷണർ

Sri.P.K.Jinesh
C/o.O.V.Chandran
Orayampurath House
Gandi Nagar II$^{nd}$ Street (GNDA 13)
Cherur P.O. 680 008
Thrissur, Kerala

പകർപ്പ്,

ദേവസ്വം കമ്മീഷണറുടെ സി.എ.ക്ക്
സെക്രട്ടറി ടു ബോർഡ്
ഡെപ്യൂട്ടി കമ്മീഷണർ
ഡെപ്യൂട്ടി സെക്രട്ടറി
അസിസ്റ്റന്റ് കമ്മീഷണർ തൃശ്ശൂർ ഗ്രൂപ്പ്
ദേവസ്വം ഓഫീസർ മുളങ്കുന്നത്തുകാവ് ദേവസ്വം
കരുതൽ ഫയൽ, ഫയൽ പകർപ്പ്